**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/11/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 16
നവംബർ 2018
ലക്കം 11



നവം. 25 : ക്രിസ്തുരാജന്റെ തിരുന്നാൾ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 15
Issue No. : 11
Month : November 2018





*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ബൈബിൾ ഞായർ | 05 |
| രൂപതക്കച്ചേരി | 13 |
| ക്രിസ്തുജ്യോതി | 14 |
| സാമൂഹ്യസേവനം | 20 |
| കെ.സി.എസ്.എൽ. | 26 |
| ചെറുപുഷ്പ മിഷൻലീഗ് | 29 |
| കെ.സി.വൈ.എം. | 29 |
| പ്രാർത്ഥനാഗ്രൂപ്പ് | 30 |
| കേരള ലേബർ മൂവ്മെന്റ് | 31 |
| ആത്മജ്യോതിയിലെ പരിപാടികൾ | 32 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 34 |


*"The company of the saints helps us to recognize that God never abandons us, so that we can live and bear witness to hope on this earth."*

*Pope Francis, Tweet, 22-10-2018*

## ഓർമ്മിക്കാൻ

### നവംബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 04 | : | പള്ളിക്കുദാശക്കാലം ആരംഭം |
| | : | വി. ചാൾസ് ബെറോമിയായുടെ തിരുനാൾ, മതാദ്ധ്യാപകദിനം, ക്രിസ്തുജ്യോതി |
| 05 | : | വി. സഖറിയായും വി. ഏലിശ്വായും |
| 06 | : | കെ.സി.വൈ.എം. ഏകദിന സെമിനാർ |
| 04-09 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 10-11 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 12-14 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 14 | : | പ്രാർത്ഥനാ ഗ്രൂപ്പ് സബ് റീജിയൺ സന്ദർശനം, കത്തീഡ്രൽ, വാഴത്തോപ്പ് |
| 16-18 | : | ഏലീശ്വാ നവോമി ധ്യാനം, ആത്മജ്യോതി, അടിമാലി |
| 18 | : | പ്രാർത്ഥനാ ഗ്രൂപ്പ് ദേശീയ മദ്ധ്യസ്ഥപ്രാർത്ഥന സമാപനം, ഡിവൈൻ ധ്യാനകേന്ദ്രം |
| 19-21 | : | യുവ വൈദിക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 23-25 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 24-26 | : | കെ.സി.വൈ.എം. വെളാങ്കണ്ണി തീർത്ഥാടനം |
| 25 | : | മിശിഹായുടെ രാജത്വത്തിരുനാൾ |
| 30 | : | വി. അന്ത്രയോസ് ശ്ലീഹ |

C. 21. സർക്കുലർ

# ബൈബിൾ ഞായർ

## 2018 ഡിസംബർ 30

### കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട്



(ഏശ. 6:3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ. 17:11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണംതന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ. 6:69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നുണ്ട് (വെളി. 3:7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ. 1:18; മർക്കോ. 1:8; ലൂക്കാ 1:15; യോഹ. 20:22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ. 19:2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു (നിയ. 7:6; 26:19; ജറെ. 2:3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ. 4:30-31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി. 1:2). ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി

വിശേഷിപ്പിക്കുന്നുണ്ട്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ. 2:9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ. 1:12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ. 24:4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞു നില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ. 12:2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ. 12:11-16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ. 27:18-29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ. 22:32; മർക്കോ. 12:26; ലൂക്കാ 20:37) ദൈവം



ഈ പൂർവ്വപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർത്ഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ. 33:11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ. 2:12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ. 4:10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1:3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ. 14:30; മർക്കോ. 8:33; ലൂക്കാ 22:57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ. 13:47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ. 8:3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ. 4:3). യേശുവാകുന്ന അടിത്തറയിൽ (1 കോറി 3:11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോ

മിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE. 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾപാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2:51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ. 19:25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമ്മമാണല്ലോ. കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർത്ഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്ര ഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സു കൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോ ണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീ വിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠനടത്തുകയും ദിവസവും കുടുംബപ്രാർഥന യ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതു പോലെതന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾപ്ര തിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരാ യണം നടത്തുകയും ചെയ്യണം. ബൈബിൾകമ്മീഷൻ തയ്യാറാക്കി യിരിക്കുന്ന ബൈബിൾപാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വ ത്തിൽ വിപുലമായ അഖണ്ഡബൈബബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാ വരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവച നപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവച നത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾവാ യനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്ക ട്ടെയെന്ന് ആശംസിക്കുന്നു.



കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരി ക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപ തകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾപ്രേഷിതപ്രവർത്ത നങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാ വന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വച നം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേ ണ്ടതാണ്.



## രൂപതക്കച്ചേരി

**C. 73/18 യുവവൈദികരുടെ വാർഷിക സെമിനാർ**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന യുവവൈദികർക്കായി 2018 നവംബർ 19, 10.30 am മുതൽ നവംബർ 21, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2012 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

**C. 74/18 Monthly Recollection for Priests**

ഒക്ടോബർമാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 327 മുതൽ 333 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

**C. 75/18 Presbyteral Council**

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on Tuesday, 11th December 2018 at the Bishop's House, Karimpan. Topics to be included in the agenda may be sent to the Secretary before 1st December 2018.

Time: 10.30 am - 2.00 pm.

*Secretary*

**C. 76/18 Pastoral Council**

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on Saturday, 22nd December 2018 at Athmajyothi, Adimali. Topics to be included in the



agenda may be sent to the Secretary before 1st December 2018.

Time: 10.00 am 04.00 pm

*Secretary*

**C. 77/18 തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| റവ. ഫാ. സഖറിയാസ് കുമ്മണ്ണൂപറമ്പിൽ | നവംബർ 05 |
| റവ. ഫാ. സഖറിയാസ് പുതിയാപറമ്പിൽ | ,, |
| റവ. ഫാ. സഖറിയാസ് കുറുപ്പശ്ശേരിൽ | ,, |
| റവ. ഫാ. സ്കറിയ ഉറുമ്പിൽ | ,, |
| റവ. ഫാ. സിറിയക് മാത്തൂർ | ,, |

*Bishop*

## ക്രിസ്തുജ്യോതി

**CJ. 68/18 പ്രാർത്ഥനാദിനവും സ്റ്റഡി ഫോറവും**

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡി ഫോറവും നടത്തേണ്ടത് നവംബർ 18 ന് ആണ്.

**CJ. 69/18 വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ**

നവംബർ 4 ന് ആണ് വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ആചരിക്കുന്നത്. അന്നേ ദിവസം മതാദ്ധ്യാപക ദിനമായി ഓരോ ഇടവകയിലും ആചരിക്കുമല്ലൊ.

**CJ. 70/18 അർദ്ധ വാർഷിക റിപ്പോർട്ട്**

അർദ്ധ വാർഷിക റിപ്പോർട്ട് നൽകാത്ത ഇടവകകൾ എത്രയും വേഗം റിപ്പോർട്ട് ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കുമല്ലോ.

**CJ. 71/18 ബൈബിൾ പാരായണമാസം**

ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിക്കുന്നു.

**CJ. 72/18 സുവിശേഷോത്സവ് 2019**

ഓരോ ഇടവകയിലേക്കും വേണ്ട സുവിശേഷോത്സവ് പുസ്തകങ്ങളുടെ എണ്ണം നവംബർ 30 ന് മുമ്പായി ക്രിസ്തുജ്യോതി ഓഫീസിൽ അറിയിക്കേണ്ടതാണ്.

**CJ. 73/18 ലോഗോസ് ക്വിസ് 2018 റിസൽട്ട്**

**ഇടുക്കി രൂപത ലോഗോസ് ക്വിസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരുടെ പേരു വിവരങ്ങൾ.**

## A Group

1. Abil Varghese Arumachadathu, Vellayamkudy St. George Forane Church
2. Avila Siby Kanjirathamkunnel, Sleevamala St. Benedict Church
3. Neha Baby Kochuparambil, Koombanmala St. Josep's Church
4. Isebal George Cheeramkunnel, Nazarathu Valley Holy Family Church
5. Isabella Binu Koodathil, Vimalagiri Vimalamatha Church
6. Ammu Lisa Karivelil, Vellayamkudy St. George Forane Church
7. Alan Myalil, Georgiar St.George Church
8. Kenes K. Sunil Kochuparambil, Bethel St. Jacob's Church
9. Leon Roby Kochupurackal, Kanjikuzhi St. Mary's Church
10. Tiswin Tinse Kumminiyil, Kunchithanni Holy Family Church
11. Albin Sebastian Chembanal, Chemmannar St. Xavier's Church
12. Alona Benny Palackal, Nankuthotty St. George Church
13. Angel Mary Jowshuva Eattaniyil, Mankulam St. Mary's Church
14. Mgha Jobin Kunnumchirayil, Karikkumtholam St. Antony's Church
15. Albert Santhosh Vettukallakuzhi, Kailasam St. Joseph's Church
16. Treesa Mathew Kolleakunnel, Mankulam St. Mary's Church
17. Ansa Jomy Mecherimannil, Narakakkanam St. Joseph's Church
18. Anitta Jose Kottappuram, Mulakaramedu St. Martin De Pores Church
19. Jerin K. Siby, Mankulam St. Mary's Church

## B Group

1. Rettin Joseph Vellakkakudiyil, Churuly St. Thomas Forane Church
2. Emil Abraham Cheeramkunnel, Nazarathu Valley Holy Family Church
3. Anne George Cheeramkunnel, Nazarathu Valley Holy Family Church
4. Minnu Emmanuel Assarikudiyil, Vazathope St. George's Cathedral Church





5. Aina Siby Kappilumakkal, Rajakad Christuraj Forane Church
6. Maria George Cheeramkunnel, Nazarathu Valley Holy Family Church
7. Arsha Biju Chakiriyamthadathil, Pottankad St. Sebastian's Church
8. Cinta Maria Thomas Pazhoor, Vazathope St. George's Cathedral Church
9. Binto Joseph Thoduvanal, St. Joseph's Nazreth (Pachady)
10. Deena Tomy Karottukunnel, Vazathope St. George's Cathedral Church
11. Ann Maria Sijo Mangalathil, Vazathope St. George's Cathedral Church
12. Alenta Shibu Kovoor, Rajakad Christuraj Forane Church
13. Jubel Alex Ozhukayil, Ezhakumvayal BVM Per. Help. Church
14. Edward Jerome Mittathaniyil, St. Joseph's Nazreth (Pachady)
15. Mebin Royson, Anikuzhikattil, Kunchithanni Holy Family Church
16. Ann Maria George Nellikal, Vellayamkudy St. George Forane Church
17. Salvin Sorji Kunnel, St. Joseph's Nazreth (Pachady)

## C Group

1. Nivyamol Sebastian SH Convent, Irumpupalam St. Antony's Church
2. Sayana Baby Kochuparambil, Koombanmala St. Joseph's Church
3. Darees Augustine Mankuzhichalil, Vellayamkudy St. George Forane Church
4. Merlin Paul CMC Student, Vazathope St. George's Cathedral Church
5. Anitta Joseph Muthuplakal, Thoparamkudy St. Maria Goretti Church
6. Treesa Vincent SH Convent, Irumpupalam St. Antony's Church
7. Sr. Seena Rose Puthuparambil, Kallarkutty St. Joseph's Church
8. Amalu Tomy Kottathil, Thovarayar Infant Jesus Church
9. Shaliya Shaji CMC, Bethel St. Jacob's Church
10. Sr. Roseena Maniyamkallel SABS, Jaya Matha Province, Kuthirakkallu St. Jude Church
11. Sr. Anjali FMM Convent, Manjapetty St. Mary's Church
12. Minnu Maria Saji Thottiyil SABS, Vazathope St. George's Cathedral Church
13. Ansu Tomy Kottathil, Thovarayar Infant Jesus Church
14. Sr. Alphiya SH, SH Convent, Manjappara Christ the King Church
15. Dalbiya P. James CMC Student, Vazathope St. George's Cathedral Church
16. Aleena Sojan, Kolamkuzhy, Erattayar St. Thomas Forane Church

17. Sr. Hanna Thekkepparambil SH, SH Provincial House, Rajamudy Christuraj Cuurch
18. Mariyamol Mathew Varakil SH, Vazathope St. George's Cathedral Church

## D Group

1. Baby Xavier Kochuparambil, Koombanmala St. Joseph's Church
2. Shinni Baby Kochuparambil, Koombanmala St. Joseph's Church
3. Rosily Benny, Manthadathil, Thankamany St, Thomas Forane Church
4. Sr. Deepa Rose SKD, Maryland St. Mary's Church
5. Sr. Leema Rose SABS Convent, Vazathope St. George's Cathedral Church
6. Mercy Joseph Puthenpurayil, Thannikandam St. Mary's Church
7. Susamma Thomas Kalayilpparambil, Neelivayal St. Mary's Church
8. Bincy Benny Markuzha, Adimali St. Jude Church
9. Jilgy Shaji Kappil, Sleevamala St. Benedict Church
10. Sr. Rosna CMC Convent, Thopramkudy St. Maria Goretti Church
11. Seena Jaino Ozhukayil, Ezhakumvayal BVM Per. Help. Church
12. Sheena Babu Thekkemuriyil, Manjappara Christ the King Church
13. Bincy Chacko Purayidathil, St. Joseph's Nazreth (Pachady)
14. Sr. Asha Therese S.H. Convent, Sleevamala St. Benedict Church
15. Sr. Litty SABS Convent, Kombayar Infant Jesus Church
16. Daisamma Ozhakal, Mailadupara Velankanni Matha Church

## E Group

1. Kuruvila Jose Illimootil, Alpara St. George Church
2. Brijit AntonyKavalath, Panickankudy St. Vianney Church
3. Mathew Thomas Vitchattu, Erattayar St. Thomas Forane Church
4. Sr. Alphonsa Kadambanattu, Murickassery BVM Im. Con. Church
5. Molly Paamblaaniyil, Calvary Mount St, George Church
6. Lissy Johny Kochcheril, Panickankudy St. Vianney Church
7. Celine Kadappoor, Ayiramekkar St. Thomas Church
8. Mary Mylankal, Nazarathu Valley Holy Family Church
9. Sr. Janet CMC, Painavu St. Thomas Church
10. Elsy Jose Chemmarappalliyil, St. Joseph's Nazreth (Pachady)



11. Jessy Shaju Kunnel, Maniyaramkudy St. Mary's Church
12. Sr. Salini CMC, CMC Convent, Nellippara St. Xavier's Church
13. Maria Tom Pallattu, Ezhakumvayal BVM Per. Help. Church
14. Mary Vadakkeyattam, Kunchithanni Holy Family Church
15. Mary Mathew Poovathinkal, Kanjikuzhi St. Mary's Church
16. Marykutty Vechucheruvil, Ponnamala St. Mary's Church
17. Kunjumol Varkey Kunnakkattu, Panickankudy St. Vianney Church
18. Rosamma Pulickal, Ayiramekkar St. Thomas Church

## F Group

1. C.D. Mathukutty Cheradiyil, Nedumkandam St. Sebastian's Forane Church
2. Sr. Anie Don SH Convent, Kallarkutty St. Joseph's Church
3. Thresiamma George Vadakaraolickal, Mankulam St. Mary's Church
4. Sr. Bennoy Karintholil, Irumpulam St. Antony's Church
5. Annakutty Joseph, Kuzhikattumalil, Murickassery BVM Im. Con. Church
6. Sr. Johnet FCC, FCC Provincial House, Vathikudy Lourdes Matha Church
7. Achamma george Nedumthnathu, Thankamany St, Thomas Forane Church
8. Thresiyamma Thazhathuvarickayil,Kanchiyar BVM Lourdes Church
9. Alekutty Sebastian Tharakunnel, Rajapuram Christuraj Church
10. Mary Augustine Kochuparambil, Bethel St. Jacob's Church
11. Marykutty Mathew Cheradiyil, Nedumkandam St. Sebastian's Forane Church
12. Valsamma Augustine, St. Martin, Adimali St. Jude Church
13. Mathew Varghese Melettu, Erattayar St. Thomas Forane Church
14. Achamma Chovattukunnel, Thopramkudy St. Maria Goretti Church
15. Aniyamma Thomas Ettamparambil, Thankamany St, Thomas Forane Church
16. Achamma Joseph Mannakathu, Udayagiri St. Mary's Church
17. Rosamma Jose Payyamppallil, Vellayamkudy St. George Forane Church

ഓരോ ഇടവകയിലും ഉയർന്ന മാർക്ക് നേടിയവരുടെ റിസൽട്ട് ഇന്റർനെറ്റിൽ ലഭ്യമാണ്.

## CJ. 74/18 ലോഗോസ് പ്രതിഭ

ലോഗോസ് ക്വിസ് പ്രതിഭാ പുരസ്കാരം കരസ്ഥമാക്കിയത് കൂമ്പൻമല സെന്റ് ജോസഫ് ഇടവകാംഗമായ ബേബി സേവ്യർ കൊച്ചുപറമ്പിൽ (100 മാർക്ക്) ആണ്. ക്രിസ്തുജ്യോതിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## CJ. 75/18 ലോഗോസ് ഫാമിലി

ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് കൂമ്പൻമല സെന്റ് ജോസഫ് ഇടവകാംഗമായ ബേബി സേവ്യർ കൊച്ചുപറമ്പിൽ കുടുംബമാണ്. ബേബി സേവ്യർ, കൊച്ചുപറമ്പിൽ (100 മാർക്ക്) ഷൈനി ബേബി (99 മാർക്ക്) നയന ബേബി (95 മാർക്ക്) നെഹ ബേബി (92 മാർക്ക്) ആവറേജ് 96.5. കൊച്ചുപറമ്പിൽ കുടുംബാംഗങ്ങൾക്ക് ക്രിസ്തുജ്യോതിയുടെ അഭിനന്ദനങ്ങൾ.

## CJ. 76/18 ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ

1. സെന്റ് തോമസ് ഫൊറോന ചർച്ച്, ഇരട്ടയാർ
2. സെന്റ് ജോർജ് ഫൊറോന ചർച്ച്, വെള്ളയാംകുടി
3. സെന്റ് മേരീസ് ചർച്ച്, കരിമ്പൻ

## CJ. 77/18 ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ

1. സെന്റ് മേരീസ് ചർച്ച്, കരിമ്പൻ
2. ഇൻഫന്റ് ജീസസ് ചർച്ച്, തൊവരയാർ
3. സെന്റ് ആന്റണീസ് ചർച്ച്, കാമാക്ഷി
4. സെന്റ് ജോൺ മരിയ വിയാനി ചർച്ച്, പണിക്കൻകുടി

## CJ. 78/18 നല്ല പ്രകടനം കാഴ്ചവെച്ച ഇടവകകൾ

1. സെന്റ് മേരീസ് ചർച്ച്, കരിമ്പൻ
2. സെന്റ് ജോൺ മരിയ വിയാനി ചർച്ച്, പണിക്കൻകുടി
3. സെന്റ് ആന്റണീസ് ചർച്ച്, കാമാക്ഷി
   സെന്റ് ആന്റണീസ് ചർച്ച്, ബൈസൺവാലി
   ഇൻഫന്റ് ജീസസ് ചർച്ച്, തൊവരയാർ



## CJ. 79/18 ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ മതാദ്ധ്യാപകർ

സന്യസ്ഥർ : സി. ദീപാ റോസ് എസ്.കെ.ഡി., മേരിലാന്റ്
സി. റോസ്ന സി.എം.സി., തോപ്രാംകുടി
അല്മായർ : ബേബി സേവ്യർ കൊച്ചുപറമ്പിൽ, കൂമ്പൻമല
ഷൈനി ബേബി കൊച്ചുപറമ്പിൽ, കൂമ്പൻമല

## CJ. 80/18 ലോഗോസ് ഗ്രേസ് മാർക്ക്

ലോഗോസ് ക്വിസിന് 50 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന X, XII ക്ലാസുകളിലെ കുട്ടികൾക്ക് നൽകിയിരുന്ന ഗ്രേസ് മാർക്ക് (5 മാർക്ക്) ഈ വർഷം മുതൽ ഉണ്ടായിരിക്കുന്നതല്ല. സർട്ടിഫിക്കറ്റ് എഴുതുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## CJ. 81/18 SMCC രൂപതാ പ്രതിഭകൾ

### GIRLS

- ലിസ്യൂ റാണി ജോസഫ് ആറ്റുപുറത്ത്, ആനക്കുളം
- ആൻമേരി ലാൽസൺ കോലൻകുന്നേൽ, മുരിക്കുംതൊട്ടി
- നേഹ തോമസ് മുളവേലിക്കുന്നേൽ, വെള്ളത്തൂവൽ

### BOYS

- തോംസൺ കെ തോമസ് കാഞ്ഞിരംപാറയിൽ, അടിമാലി
- ജൂലിൻ കുര്യൻ നന്ദനാതോട്ടത്തിൽ, ചെമ്മണ്ണാർ
- സനറ്റ് സണ്ണി കൊല്ലംപറമ്പിൽ, തങ്കമണി.

# സോഷ്യൽ സർവ്വീസ്

## SS 114/18 വാനില സമൃദ്ധി

ഇടുക്കി ജില്ലയിൽ അന്യം നിന്നു പോകുന്ന വാനില കൃഷി തിരിച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നഇന്റർ നാഷണൽ കമ്പനിയായ കാൺകോർ

ഇൻഗ്രിയഡൻസ് ലിമിറ്റഡിന്റെ സഹായത്തോടെവാനില സമൃദ്ധി എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചു. ഇതിന്റെ ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട 58 കർഷകർക്ക് 3500 വാനിലതൈകൾ വിതരണം ചെയ്തു. ഈ കർഷകർ ഉത്പാദിപ്പിക്കുന്ന വാനിലയ്ക്ക് 600 രൂപ തറവില നിശ്ചയിച്ചിട്ടുണ്ട്. കൃത്യമായ മാർക്കറ്റിംഗും, വാനില പരിപാലനവും ഏറ്റെടുത്തുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ഇതിന്റെ ഉദ്ഘാടനം 23-10-2018 ൽ സൊസൈറ്റി ഓഫീസിൽ നടന്നു.

## SS 115/18 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി 11 പേർക്ക് ചികിത്സയ്ക്കായി 26200 രൂപ നൽകി.

## SS 116/18 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ ഒക്ടോബർ മാസത്തിൽ ജോസഫ് അഗസ്റ്റ്യൻ ഒഴുകയിൽ എഴുകുംവയൽ, ക്ലാരമ്മ ജെയിംസ് കതിലാങ്കൽ നെടുംങ്കണ്ടം എന്നിവർ തങ്ങളുടെ കണ്ണുകൾ ദാനം ചെയ്തു.അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## SS 117/18 കോഴിക്കുഞ്ഞ് വിതരണം

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമശ്രീ ഇനത്തിൽപെട്ട550 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ മുളകുവള്ളി, കുതിരക്കല്ല്, ഇരട്ടയാർ, വാഴവര തുടങ്ങിയ യൂണിറ്റുകളിലായി വിതരണം നടത്തി.

## SS 118/18 കാരിത്താസ് ഇൻഡ്യ കിറ്റ് വിതരണം

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ ഇടുക്കി രൂപതയിലെ വീട് പൂർണ്ണമായും ഭാഗീകമായും തകർന്ന 1000 കുടുംബങ്ങൾക്ക് ആദ്യഘട്ടമായി ജാതിമതഭേദമന്യേ അടുക്കള കിറ്റുകൾ വിതരണം ചെയ്തു.



## SS 119/18 ദുരന്തബാധിതർക്ക് കൈത്താങ്ങ്

ദുരന്തബാധിതരെ സഹായിക്കുന്നതിനായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി. 345 പേർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം കണ്ടെത്തണം. ഇതിൽ 150 പേർക്ക് വീടിന് സ്ഥലം വിവിധ മേഖലകളിൽ നിന്ന് സ്പോൺസർ ചെയ്ത് ലഭിച്ചു. ജില്ലാ ഭരണകൂടവുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലത്ത് വീട് വയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി യ്ക്കായി ജില്ല കളക്ടർക്ക് അപേക്ഷ നൽകി. സ്ഥല പരിശോധന നടത്തി അനുമതി നല്കുന്നതിനായി ബന്ധപ്പെട്ട വില്ലേജുകളിലേക്ക് അയച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ സ്ഥലങ്ങൾ അതാത് പ്രദേശത്തുള്ള ഗുണഭോക്താക്കൾക്ക് നല്കും. സർക്കാർ വീട് നിർമ്മാണത്തിനുള്ള ആദ്യഗഡുവായ ഒരു ലക്ഷം അവർക്ക് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

## SS 120/18 എച്ച്.ഡി.എസ്. ജനറൽ ബോഡി യോഗം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ വാർഷിക ജനറൽ ബോഡി യോഗം സെപ്റ്റംബർ 24 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ബിഷപ്സ് ഹൗസിൽ പ്രസിഡന്റ് ബഹുമാനപ്പെട്ട മോൺ. ജോസ് പ്ലാച്ചിക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടി.ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും അവതരിപ്പിച്ചു. ആവശ്യമായ വിശദീകരണങ്ങൾക്ക് ശേഷം ഇവ പാസ്സാക്കി. തുടർന്ന് നടന്ന ചർച്ചയിൽ ഇടുക്കിയുടെ വികസനത്തിനുള്ള വിവിധ പദ്ധതികൾ നിർദ്ദേശിയ്ക്കപ്പെട്ടു.ദുരന്ത ബാധിതരെ സഹായിക്കുന്നതിനായി നടത്തുന്ന ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ അറിയിച്ചു.27 അംഗങ്ങൾ പങ്കെടുത്തു.

## SS 121/18 CNEWA കിറ്റ് വിതരണം

ദ കാത്തലിക്ക് നിയർ ഈസ്റ്റ് വെൽഫെയർ അസോസിയേഷൻ (CNEWA) 350 കുടുംബങ്ങൾക്കായി നൽകിയ കിറ്റുകൾ

ഈട്ടിത്തോപ്പ്, മുരിക്കാശ്ശേരി, കൂമ്പൻപാറ, രാജപുരം, തട്ടേക്കണ്ണി, ബഥേൽ, ചെമ്മണ്ണാർ എന്നീ ഇടവകകളിൽ വിതരണം ചെയ്തു.

**SS 122/18**

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി പള്ളികളിൽ നിന്നും സ്തോത്രക്കാഴ്ചയായി ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

## Flood Relief

| | NAME OF PARISHES | Amount |
|---|---|---|
| 01. | St. Jude Church, Adimali | 50500 |
| 02. | St. Joseph, Church, Anakulam | 10000 |
| 03. | St. Thomas Church, Ayiramekkar | 50000 |
| 04. | St. Antony's Church, Antopuram | 6000 |
| 05. | St. George Church, Alpara | 86731 |
| 06. | St. Alphonsa Church, Alphonsanagar, Pothupara | 15800 |
| 07. | St. Jacob's Church, Bethel | 25000 |
| 08. | St. Antony's Church, Baisonvalley | 15753 |
| 09. | St. Sebastian's Church, Bhoomiyamkulam | 10000 |
| 10. | St. Joseph Church, Chembalam | 25000 |
| 11. | St. George Shurch, Calvarymount | 60410 |
| 12. | St. Mary's Church, Chelliyampara | 15100 |
| 13. | St. Francis Xavier Church, Chemmanar | 25000 |
| 14. | St. Peters' Church, Chempakapara | 20000 |
| 15. | St. Thomas Church, Chinnarnirappu | 12000 |
| 16. | St. Thomas Church, Churuli | 33000 |
| 17. | Vijayamatha Church, Eattithoppu | 25660 |
| 18. | St. Antonys' Church, Ellakkal | 31500 |
| 19. | BVM Church, Ezhukumvayal | 50000 |
| 20. | St. Thomas Church, Erattayar | 150000 |
| 21. | St. George Church, Georigiar | 19055 |
| 22. | St. George Church, Idukki | 16505 |
| 23. | St. Joseph Church, Josegiri | 50000 |



| | | |
|---|---|---|
| 24. | St. Joseph Church, Josepuram | 33402 |
| 25. | St. Joseph Church, Kallar | 20000 |
| 26. | St. Joseph Church, Kallarkutty | 35000 |
| 27. | St. Joseph Church, Kailasam | 7000 |
| 28. | St. Marys' Church, Kallupalam | 25000 |
| 29. | St. Jude Church, Kanakakunnu | 44000 |
| 30. | St. Mary's Church, Kanjikuzhy | 60000 |
| 31. | St. Sebastians' Church, Kanthippara | 60000 |
| 32. | Lourde Matha Church, Kanchiyar | 67500 |
| 33. | Lourde Matha Church, Karimpan | 15000 |
| 34. | St. Mary's Church, Karithodu | 20000 |
| 35. | St. Antony's Church, Kamashy | 50608 |
| 36. | St. George Church, Kattakala | 5000 |
| 37. | Nithya Sahaya Matha Church, Keerithodu | 20000 |
| 38. | Holy Family Church, Kiliyarkandom | 45252 |
| 39. | St. Antonys' Church, Karikkintholam | 10000 |
| 40. | Infant Jesus Church, Kombayar | 25000 |
| 41. | Fathima Matha Church, Koompanpara | 30000 |
| 42. | St. Joseph Church, Kozhimala | 34670 |
| 43. | Holy Family Church, Kunchithanny | 40000 |
| 44. | Velankannimatha Church, Kanthalloor | 3790 |
| 45. | Holy Cross Church, Kurisupara | 7000 |
| 46. | St. Jude Church, Kuthirakallu | 7000 |
| 47. | St. Joseph Church, Kuthupara | 10000 |
| 48. | St. Thomas Church. Lowerkulamavu | 6500 |
| 49. | St. Francis Assisi Church, Machiplavu | 20000 |
| 50. | Velankannimatha Church, Mailadumpara | 100000 |
| 51. | Christuraja Church, Manchikavala | 3664 |
| 52. | St. Marys' Church, Maniyarankudy | 7500 |
| 53. | Christuraja Church, Manjappara | 19000 |
| 54. | St. Marys Church, Mankjapetty | 10000 |
| 55. | St. Marys Church, Mankulam | 30000 |
| 56. | St.Thomas Church, Mankuva | 10330 |

| | | |
|---|---|---|
| 57. | St. Marys Church, Mariyapuram | 8500 |
| 58. | St. Mary's Church, Maryland | 13165 |
| 59. | St. Thomas Church, Mavady | 26475 |
| 60. | St. Sebastian's Church, Mukkudom | 16200 |
| 61. | St. Martin De. Pores Church, Mulakaramedu | 50000 |
| 62. | St. Joseph Church, Mulakuvally | 32150 |
| 63. | BVM Church, Murickassery | 105000 |
| 64. | St. Mariya Goretti Church, Murickuthotty | 130000 |
| 65. | St. George Church, Muttukkadu | 90000 |
| 66. | St. Michael's Church, Munnar | 11000 |
| 67. | St. Joseph Church, Narakakanam | 100000 |
| 68. | Holy Family Church, Nazarathuvaley (Nalumukku) | 22000 |
| 69. | St. Joseph Church, Nazreth (Pachady) | 20000 |
| 70. | St. Sebastian's Church, Nedumkandom | 107000 |
| 71. | St. George Church, Nankuthotty | 20000 |
| 72. | St. Mary's Church, Neelivayal | 15100 |
| 73. | St. Xaviers' Church, Nellippara | 63000 |
| 74. | St. Thomas Church, Painavu | 25000 |
| 75. | St. George Church, Palar | 17000 |
| 76. | Infant Jesus Church, Pallanad | 3000 |
| 77. | St. Joseph Church, Panamkutty | 25000 |
| 78. | St. Joseph Church, Pandipara | 52500 |
| 79. | St. John Mariya Viyani Church, Panamkutty | 51390 |
| 80. | BVM Church, Panniyarkutty | 9064 |
| 81. | St. George Church, Parathodu | 40000 |
| 82. | St. Sebastians Church, Pazhayarikandam | 37874 |
| 83. | St. Mary's Church, Perumchamkutty | 85541 |
| 84. | St. Joseph Church, Pezhumkandam | 50000 |
| 85. | St. Mary's Church, Ponmudy | 40000 |
| 86. | St. Sebastians Church, Pottenkad | 34000 |
| 87. | Christuraja Church, Rajakkadu | 314500 |
| 88. | Devamatha Church, Rajakumary | 100000 |
| 89. | Christuraja Church, Rajamudy | 30000 |



| | | |
|---|---|---|
| 90. | Christuraja Church, Rajapuram | 7000 |
| 91. | St. Marys Church, Sahayagiri | 100000 |
| 92. | St. Joseph Church, santhigram | 110000 |
| 93. | St. Benedict Church, Sleevamala | 10000 |
| 94. | St. Sebastian Church, Snehagiri | 40000 |
| 95. | St. Thomas Church, Thakamany | 100000 |
| 96. | St. Alphonsa Church, Thankamani | 11000 |
| 97. | St. Mary's Church, Thannikandam | 5000 |
| 98. | St. George Church, Thattekkanni | 6000 |
| 99. | St. Mathew's Church, Thikalkad | 14000 |
| 100. | St. Sebastian Church, Thokkupara | 20000 |
| 101. | St. Antony Church, Thookupalam | 10000 |
| 102. | St. Mariya Goretti Church, Thopramkudy | 88500 |
| 103. | Infant Jesus Church, Thovarayar | 55445 |
| 104. | St. Mary's Church, Udayagiri | 25000 |
| 105. | St. Joseph Church, Upputhodu | 85000 |
| 106. | Lourde Matha Church, Vathikudy | 35000 |
| 107. | Infant Jesus Church, Vattappara | 16000 |
| 108. | St. George Church, Vazhathoppe | 100000 |
| 109. | St. George Church, Vellathooval | 17500 |
| 110. | St. George Church, Vellayamkudy | 400000 |
| 111. | St. George Church, Venmony | 81715 |
| 112. | St. Mary's Church, Ponnamala | 13000 |
| 113. | Vimalamatha Church, Vimalagiri | 33000 |
| | **GRAND TOTAL** | **4812849** |

# കെ.സി.എസ്.എൽ.

**KCSL 32/18 'V4 Christ -V4 Faith'**

വിശ്വാസം ചോദ്യം ചെയ്യപ്പെടുകയും കത്തോലിക്കാ വിശ്വാസം അവഹേളിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ട

ത്തിൽ ക്രിസ്തുവിനുവേണ്ടി ജീവിക്കുക, സഭയെ സ്നേഹിച്ച് സഭയോട് ചേർന്ന് പ്രവർത്തിച്ച് ക്രിസ്തീയ ചൈതന്യം സ്വജീവിതത്തിൽ പകർത്തി തലമുറകൾക്ക് മാതൃകയാകാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.എസ്.എൽ. സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'V4 Christ -V4 Faith'. ഈ പരിപാടിയുമായി ബന്ധപ്പെട്ട് 2 മിനിട്ട് ദൈർഘ്യമുള്ള വീഡിയോ പ്രസന്റേഷൻ സ്കൂളുകളിൽ നിന്നും ക്ഷണിക്കുന്നു. ഇത് സംസ്ഥാനതലത്തിൽ വിലയിരുത്തി പിന്നീട് സംപ്രേഷണം ചെയ്യുന്നതാണ്.

**നിബന്ധനകൾ**

1. H.S.S., H.S., U.P., L.P. വിഭാഗങ്ങളിൽ നിന്നും പങ്കെടുക്കാം.
2. അവതരണം ക്രിസ്തീയ മൂല്യങ്ങൾ വളർത്തുന്നതാകണം.
3. സമയം 2 മിനിട്ട് മാത്രം.
4. വീഡിയോ അവതരണം CD യിൽ മാത്രം നൽകുക.
5. ഓരോ വിഭാഗത്തിലും മികച്ച അവതരണത്തിന് സംസ്ഥാനതലത്തിൽ 3000/- രൂപ ക്യാഷ് അവാർഡും, മികവു പുലർത്തുന്ന ഏതാനും അവതരണങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്.
6. ഒന്നിൽ കൂടുതൽ എൻട്രികൾ ഒരു സ്കൂളിൽ നിന്ന് നൽകാവുന്നതാണ്.
7. അവതരണങ്ങൾ നൽകാനുള്ള അവസാന തിയതി നവംബർ 8.
8. ഒരു എൻട്രിക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. ഈ തുക സംസ്ഥാന നേതൃത്വം പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതാണ്.

## KCSL 33/18 'പ്രോലൈഫ്' ക്ലാസുകൾ

ഈ വർഷത്തെ കെ.സി.എസ്.എൽ. പ്രവർത്തനങ്ങളുടെ മുഖ്യവിഷയമാണ് 'പ്രോലൈഫ്' ആശയങ്ങളുടെ പ്രചാരണം. ഈ വിഷയവുമായി ബന്ധപ്പെട്ട് സെമിനാർ, ഡിബേറ്റ്, ഡോക്കുമെന്ററി



തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ചെയ്യുന്നത് നന്നായിരിക്കും. രൂപതാ ടീമിന്റെ സഹായം ആവശ്യമെങ്കിൽ മുൻകൂട്ടി അറിയിക്കുമല്ലോ. ഡിസംബർ മാസത്തിനുള്ളിൽ പ്രസ്തുത പ്രോഗ്രാം സ്കൂളുകളിൽ ക്രമീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന ടീം നമ്മുടെ രൂപതയിലെ ഒരു സ്കൂളിൽ ക്ലാസുകൾ നയിക്കുന്നതാണ്.

## KCSL 34/18 ക്രിസ്തുരാജന്റെ തിരുനാൾ

ഈ വർഷം സംസ്ഥാനതലത്തിൽ ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷം നവംബർ 16-ാം തിയതി വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർസെക്കണ്ടറി സ്കൂളിൽവെച്ച് നടത്തപ്പെടുന്നു. അന്നേ ദിവസം വി. കുർബാന, റാലി, പൊതുസമ്മേളനം, തിരുസ്വരൂപ പ്രതിഷ്ഠ എന്നിവ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതിന് എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും ക്രിസ്തുരാജന്റെ തിരുനാൾ ആശംസകൾ.

## KCSL 35/18 ജീവിത വിശുദ്ധീകരണ ധ്യാനം

ജീവിത വിശുദ്ധീകരണ ധ്യാനം വിജയകരമാക്കിയ എല്ലാ സ്കൂൾ അധികൃതർക്കും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി. തിരുവനന്തപുരം റോസാമിസ്റ്റിക്കാ റിട്രീറ്റ് ടീം നയിച്ച ധ്യാനത്തിൽ 107 കുട്ടികൾ സംബന്ധിച്ചു.

## KCSL 36/18 ക്വിസ്സ് മത്സരം

കെ.സി.എസ്.എൽ. പഠന പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള രൂപതാ ക്വിസ്സ് മത്സരത്തിൽ പങ്കാളികളായ എല്ലാവരേയും പ്രത്യേകം നന്ദിപൂർവ്വം അനുസ്മരിക്കുന്നു. സ്കൂളിൽ ഓരോ വിഭാഗങ്ങളിലും ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികളുടെ പേരുവിവരം, മാർക്ക് എന്നിവ HM/Principal-ന്റെ ഒപ്പോടെ രൂപതാ ഓഫീസിൽ നവംബർ 5-ന് മുമ്പ് എത്തിക്കണം/Email ചെയ്യണം.

# ചെറുപുഷ്പ മിഷൻലീഗ്

**CML 36/18 സകല മരിച്ചവരുടെയും ഓർമ്മ**

പൂർവ്വികരെ അനുസ്മരിക്കുവാൻ ഒരു ദിവസം കണ്ടെത്തി മിഷൻലീഗ് അംഗങ്ങൾ സിമിത്തേരി സന്ദർശനം നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

**CML 37/18 മതാദ്ധ്യാപക ദിനം**

നവംബർ 4-ാം തിയതി CML കുട്ടികൾ തങ്ങളുടെ ഇടവകയിലെ മതാദ്ധ്യാപകരെ ആദരിക്കുകയും, മതാദ്ധ്യാപക ദിനം ആചരിക്കുകയും വേണം.

**CML 38/18 മിഷൻ കലണ്ടർ, സ്നേഹിതൻ**

മിഷൻ കലണ്ടറിന്റെയും സ്നേഹിതൻ മാസികയുടെയും തുക ഈ അടുത്ത ദിവസങ്ങളിൽ അരമന CML ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

# കെ.സി.വൈ.എം.

**KCYM 17/18 ജീവസമൃദ്ധി 2018**

ഒക്ടോബർ 1-ാം തിയതി ജീവസമൃദ്ധി 2018 എന്ന പ്രോഗ്രാമിന്റെ ഭാഗമായി മച്ചിപ്ലാവ് സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് സഹായങ്ങൾ വിതരണം ചെയ്തു.

**KCYM 18/18 അർദ്ധവാർഷിക കൗൺസിൽ**

ഒക്ടോബർ 19-ാം തിയതി നടന്ന അർദ്ധവാർഷിക കൗൺസിലിൽ 26 ഇടവകകളിൽ നിന്നായി 125 യുവജനങ്ങൾ പങ്കെടുത്തു. സഹകരിച്ച എല്ലാ വികാരിയച്ചന്മാർക്കും നന്ദി.



**KCYM 19/18 ഏകദിന സെമിനാർ**

നവംബർമാസം 6-ാം തിയതി വാഴത്തോപ്പ്, ചുരുളി ഫൊറോനകൾക്കായി ഏകദിന സെമിനാർ ഇടുക്കി ന്യൂമാൻ സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. സാധിക്കുന്ന എല്ലാ യുവജനങ്ങളും പങ്കെടുക്കണം. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കില്ല. ഉച്ചഭക്ഷണവും ചായയും ലഭിക്കും. രാവിലെ 10 മുതൽ വൈകിട്ട് 3 വരെ ആയിരിക്കും സെമിനാർ.

**KCYM 20/18 വേളാങ്കണ്ണി തീർത്ഥാടനം**

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ നവംബർമാസം 24-ാം തിയതി വൈകുന്നേരം വേളാങ്കണ്ണി തീർത്ഥാടനം നടത്തുന്നു. 26-ാം തിയതി രാവിലെ തിരിച്ചെത്തും. താമസം, ഭക്ഷണം, വണ്ടിക്കൂലി ഉൾപ്പെടെ 1500/- രൂപ ആയിരിക്കും. ഇടവകകളിൽ നിന്ന് പോകാൻ താല്പര്യമുള്ളവരെ പറഞ്ഞു വിടുമല്ലോ.

# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 31/18 ഇടുക്കി തങ്കച്ചായന് അനുമോദനം**

സഭയ്ക്കും സമൂഹത്തിനുവേണ്ടി നൽകിയ സേവനങ്ങൾക്ക് ഫ്രാൻസീസ് മാർപാപ്പയിൽ നിന്നും പ്രോ എക്ലേസിയ പൊന്തിഫിക് ബഹുമതി കിട്ടിയ ബഹുമാനപ്പെട്ട ഇടുക്കി തങ്കച്ചായന് അനുമോദനമർപ്പിച്ചുകൊണ്ട് 28-10-2018 ൽ വാഴത്തോപ്പ് ഹോളി ഫാമിലി ലത്തീൻ പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ യോഗം ചേരുന്നു. ഇടുക്കി രൂപതയിലെ എല്ലാ കരിസ്മാറ്റിക് സുഹൃത്തുക്കളെയും പ്രസ്തുത യോഗത്തിലേക്ക് ക്ഷണിക്കുന്നു.

**PG 32/18 സബ് റീജിയൺ സന്ദർശനം**

ഹൈറേഞ്ച് മേഖല, ഇടുക്കി കട്ടപ്പന സബ് റീജിയൺ

കരിസ്മാറ്റിക് പ്രവർത്തകരെ, കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ സാമുവേൽ ഐറനീസ് പിതാവ് 2018 നവംബർ 14 രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ വാഴത്തോപ്പ് സെന്റ് ജോർജ് കത്തിഡ്രൽ ദൈവാലയത്തിൽ വച്ചു നടക്കുന്ന പ്രോഗ്രാമിൽ സന്ദർശനം നടത്തുന്നു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ, KCCRST ചെയർമാൻ ഫാ. വർഗീസ് മുണ്ടയ്ക്കൽ എന്നിവരുടെയും മഹനീയ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്. ഏവർക്കും സ്വാഗതം.

### PG 33/18 ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥന സമാപനം

2018 നവംബർ 18 മുതൽ 21 വരെ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് ജെറിക്കോ പ്രെയറിന്റെ സമാപനവും ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനാചരണവും നടത്തപ്പെടുന്നതാണ്. പോകാനാഗ്രഹിക്കുന്നവർ 750/- രൂപ മുടക്കി ഒക്ടോബർ 31 നകം ബുക്ക് ചെയ്യുക.

## കേരള ലേബർ മൂവ്മെന്റ്

### KLM 14/18 തൊഴിലാളി ഫോറങ്ങളുടെ സംഗമം (WIF)

കേരള ലേബർ മൂവ്മെന്റിന്റെ മുഴുവൻ തൊഴിലാളി ഫോറങ്ങളുടെയും സംയുക്ത സംഘടനയായ വിഫിന്റെ (WIF) സംസ്ഥാന നേതൃത്വസംഗമം എറണാകുളം പി.ഒ.സി.യിൽ നടത്തി. സംസ്ഥാന പ്രസിഡന്റ് ജോസഫ് ജൂസ് അദ്ധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ്പ് മാർ ജോസഫ് കളത്തിപറമ്പിൽ ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ, സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് നിരപ്പുകാലായിൽ, നാഷണൽ സെക്രട്ടറി ജോയി ഗോതുരത്ത് തുടങ്ങിയവർ സംസാരിച്ചു. ഇടുക്കി രൂപതയിൽ നിന്നും പ്രതിനിധികളായി ജോർജ് അമ്പഴം, ഷാജി തുണ്ടത്തിൽ എന്നിവർ പങ്കെടുത്തു.

### KLM 15/18 രൂപതാ കമ്മറ്റി പുനസംഘടിപ്പിച്ചു

അടിമാലി ആത്മജ്യോതിയിൽ നടന്ന കെ.എൽ.എം. ഇടുക്കി



രൂപതാ നേതൃത്വ സംഗമത്തിൽ രൂപതാ കമ്മറ്റി പുനസംഘടിപ്പിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം അദ്ധ്യക്ഷത വഹിച്ച യോഗം ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി ഉദ്ഘാടനം ചെയ്തു.

### KLM 16/18 മെമ്പർഷിപ്പ് ക്യാമ്പയിൻ

കേരള ലേബർ മൂവ്മെന്റ് ഇടവകതലങ്ങളിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിച്ച് ശാഖാ കമ്മറ്റികൾ രൂപീകരിക്കും. 2019 ജനുവരി അവസാനം നടക്കുന്ന സംസ്ഥാന വാർഷികത്തിന് മുമ്പായി ഇടുക്കി രൂപതയിൽ സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം. ഡിസംബർ ഒന്നു മുതൽ 20 വരെയാണ് മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഈ അവസരത്തിൽ എല്ലാ ബഹു. വികാരിയച്ചന്മാരുടെയും സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

### KLM 17/18 സുരക്ഷാ പെൻഷൻ പദ്ധതി

സുരക്ഷാ പെൻഷൻ പദ്ധതിയിൽ അംഗമായി ചേർന്നിരിക്കുന്നവർ ഡിസംബർ മാസത്തിൽ അവരവരുടെ വാർഷിക വിഹിതം അടയ്ക്കുന്നതിന് രൂപതാ ഓഫീസുമായി ബന്ധപ്പെടണം. അന്വേഷണങ്ങൾക്ക് 9495125585.

## ആത്മജ്യോതിയിലെ പരിപാടികൾ

**നവംബർ 2018**

- 04 - 09 : എഫാത്ത ധ്യാനം
- 10 - 11 : തിയോളജി കോഴ്സ്
- 12 - 14 : വിവാഹ ഒരുക്ക സെമിനാർ
- 16 - 18 : ഏലീശ്വാ നവോമി ധ്യാനം
- 19 - 21 : യുവ വൈദിക സെമിനാർ
- 23 - 25 : വിവാഹ ഒരുക്ക സെമിനാർ

## നിര്യാതയായി



സി.മേരി ആൻ വട്ടക്കുന്നുംപുറത്ത് എസ്.എച്ച്. (86)

ഇടവക- മുട്ടത്തുപാറ, കോതമംഗലം രൂപത

ജനനം - 16.07.1932

ആദ്യവ്രതം - 02.05.1957

നിത്യവ്രതം - 02.05.1960

മരണം - 27.09.2018



# BISHOP'S ENGAGEMENTS

**നവംബർ 2018**

| | | |
|---|---|---|
| 01 | 09.00 am | CSSR ആശ്രമ ദൈവാലയ കൂദാശ, മച്ചിപ്ലാവ് |
| 03 | 6.30 pm | ജൂബിലി ആഘോഷം, ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ, മൈനർ സെമിനാരി |
| 04 | 10.30 am | തിരുനാൾ കുർബാന, സന്ദേശം, പേഴുംകണ്ടം |
| 05 | | വിവാഹം, മുരിക്കാശ്ശേരി |
| 06 | 09.30 am | Vestition FCC, വാഴത്തോപ്പ് |
| | 3.30 pm | സിമിത്തേരി വെഞ്ചരിപ്പ്, വി. കുർബാന, എസ്.എച്ച്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ്, രാജമുടി |
| 10 | 10.30 am | ജൂബിലി, ശാന്തിഗ്രാം |
| 11 | 09.00 am | വി. കുർബാന, സന്ദേശം, ഭൂമിയാംകുളം |
| 13-18 | | Satna, Ujjian |
| 19 | 6.30 pm | വി. കുർബാന, സന്ദേശം, സെന്റ് മർത്താസ് കോൺവെന്റ്, മണിയാറൻകുടി |
| 22-24 | | Engaged |
| 25 | 10.00 am | തിരുനാൾ കുർബാന, സന്ദേശം, രാജാക്കാട് |
| 26 | 10.30 am | വിവാഹം, ചെല്ലാർകോവിൽ |